# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 11 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

## പമ്പ-സന്നിധാനം പരമ്പരാഗത പാത ഞായറാഴ്ച പുലർച്ചെ തുറക്കും
## പമ്പാ സ്നാനം അനുവദിച്ചു; സുരക്ഷിത സ്നാനത്തിന് സ്ഥലം ഒരുക്കി: ജില്ലാ കളക്ടർ

ശബരിമല തീർഥാടകർക്ക് ശനിയാഴ്ച രാവിലെ 11 മുതൽ പമ്പാ ത്രിവേണിയിലെ നിശ്ചിത സ്ഥലത്ത് സുരക്ഷിതമായി സ്നാനം ചെയ്യുന്നതിന് അനുമതി നൽകിയതായി പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ പറഞ്ഞു. ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നടത്തിയ തയാറെടുപ്പുകളും, മുന്നൊരുക്കങ്ങളും വിലയിരുത്താൻ പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു കളക്ടർ.

ത്രിവേണി മുതൽ നടപ്പാലം വരെയുള്ള 150 മീറ്ററിലും പാലത്തിനു ശേഷമുള്ള 170 മീറ്റർ സ്ഥലത്തുമാണ് സ്നാനം അനുവദിക്കുക. തീർഥാടകർക്ക് പ്രവേശിക്കാൻ നാല് പ്രവേശന കവാടങ്ങളാണു ാവുക.

ഇവയിലൂടെ മാത്രമേ സ്നാനം അനുവദിക്കുകയുള്ളു. അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള എല്ലാ വിധ സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കിയിട്ടു ്. ഏതെങ്കിലും പ്രതികൂല സാഹചര്യമു ായാൽ ശബരിമല എഡിഎമ്മിന് സ്നാനം നിർത്തിവയ്ക്കുവാനുള്ള അധികാരമു ്.

പമ്പയിൽ നിന്നും നീലിമല, അപ്പാച്ചിമേട്, മരക്കൂട്ടം വഴിയുള്ള പരമ്പരാഗത പാത ഞായറാഴ്ച പുലർച്ചെ ര ു മുതൽ തീർഥാടകർക്കായി തുറന്നുകൊടുക്കും. പുലർച്ചെ ര ു മുതൽ രാത്രി എട്ടു വരെയാണ് ഇതുവഴി തീർഥാടകരെ കടത്തിവിടുക. തീർഥാടകർക്ക് നീലിമല വഴിയും, സ്വാമി അയ്യപ്പൻ റോഡു വഴിയും സന്നിധാനത്തേക്ക് പോകാം. തീർഥാടകരുടെ ആവശ്യാനുസരണം തീർഥാടന പാത തെരഞ്ഞെടുക്കാവുന്നതാണ്. പരമ്പരാഗത പാതയിൽ മരാമത്ത്, ഇലക്ട്രിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി. പാതയിൽ ഏഴ് എമർജൻസി മെഡിക്കൽ സെന്ററുകളും നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിലായി ര ് കാർഡിയോളജി സെന്ററുകളും പ്രവർത്തിക്കും. കുടിവെള്ളത്തിനായി 44 കിയോസ്കുകളും, ചുക്കുവെള്ള വിതരണ സംവിധാനവും തയാറാക്കിയിട്ടു ്. 56 ടോയ്‌ലറ്റ് യൂണിറ്റുകളും തയാറായി. അയ്യപ്പസേവാസംഘത്തിന്റെ 40 വോള ിയർമാർ അടങ്ങുന്ന സ്ട്രെച്ചർ യൂണിറ്റുകളും സജ്ജമായി.

തീർഥാടകർക്ക് സന്നിധാനത്ത് ശനിയാഴ്ച (11) രാത്രി മുതൽ താമസിക്കുന്നതിന് അനുമതി നൽകിയിട്ടു ്. 500 മുറികൾ ഇതിനായി കോവിഡ് മാനദണ്ഡപ്രകാരം സജ്ജീകരിച്ചു. പരമാവധി പന്ത്ര ് മണിക്കൂർ വരെ മുറികളിൽ താമസിക്കാം. മുറികൾ ആവശ്യമുള്ളവർക്ക് സന്നിധാനത്ത് എത്തി ബുക്ക് ചെയ്യാം. തീർഥാടകർക്ക് വിരിവയ്ക്കാനുള്ള അനുമതി നിലവിൽ ഇല്ലെന്നും കളക്ടർ പറഞ്ഞു.

കോവിഡ് വ്യാപനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ശബരിമല തീർഥാടന നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ അനുവദിക്കാൻ മുഖ്യമന്ത്രിയും ദേവസ്വം മന്ത്രിയും നടത്തിയ ചർച്ചയിൽ തീരുമാനമായതിനെ തുടർന്നാണ് ജില്ലാ ഭരണ കേന്ദ്രത്തിന്റെ നടപടി. ശബരിമല എഡിഎം അർജുൻപാണ്ഡ്യൻ, അഡീഷണൽ എസ്പി എൻ. രാജൻ,
വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്- ശബരിമല മീറ്റിംഗ്-
ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യരുടെ അധ്യക്ഷതയിൽ പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന യോഗം. ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ സമീപം.

ഫോട്ടോ അടിക്കുറിപ്പ്- പ്രസ് മീറ്റ്-
ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് പത്തനംതിട്ട കളക്ടറേറ്റിൽ ചേർന്ന യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരുമായി സംസാരിക്കുന്ന
ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ. ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ, അഡീഷണൽ എസ്പി എൻ. രാജൻ തുടങ്ങിയവർ സമീപം.

**(പി.ആർ. ശബരി–126)**

